LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS

OF

THE TRAVANCORE LEGISLATIVE ASSEMBLY

FIRST ASSEMBLY

SECOND SESSION—1948/1123.

VOL. II—No. 7.

Thursday the 12th August 1948/28th Karkatakam 1123.

The Legislative Assembly met in the Legistative chamber, Public offices, Trivandrum at eleven of the clock on Thursday the 12th August 1948/28th Karkatakam 1123, with the President (the Hon'ble Mr. A. J. John) in the chair

QUESTIONS AND ANSWERS.

MR. P. M. VARGHESE (*Thodupuzha II—General*) : Sir, on a point of order. ഇവിടെ ആരംഭംമുതല് ചോദ്യങ്ങൾക്ക് ആൻസർ കിട്ടുന്നതിനുവേണ്ടി ചോദ്യങ്ങൾ അയച്ചിട്ടുണ്ട്. അതു് എന്നെപ്പോലെ എല്ലാവരും അയച്ചിട്ടുണ്ട്. എന്നാൽ ആൻസർ ഏതാനും ചിലരുടേതുമാത്രം വന്നുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ കുറെപേരുടെ ചോദ്യങ്ങൾക്ക് ഉത്തരം ഇല്ല. നിയമം ഉണ്ടാക്കിയാൽ അതു പാലിക്കണം. ഇല്ലെങ്കിൽ നിയമം റദ്ദുചെയ്യണം. ഇല്ലെങ്കിൽ വളരെപ്പേരുടെ ഉത്സാഹമായ പരാതിക്കു വഴിയുണ്ടാകും. അതുകൊണ്ടു് എനിക്കു പറയാനുള്ളതു് കുറെപ്പേരുടെ ചോദ്യങ്ങൾക്ക് ആൻസർ പറഞ്ഞും കുറെപ്പേരുടെ ചോദ്യങ്ങൾക്ക് ആൻസർ പറയാതെയും ഇരിക്കുന്നതു ശരിയല്ല.

MR. PRESIDENT : ഇതിനു മുൻപുതന്നെ ഇതിനെപ്പറ്റി ഞാൻ പറഞ്ഞിട്ടുണ്ട്. അതിനാൽ ഇനിയും ഇതിനെപ്പറ്റി പ്രത്യേകമായി പറയാനില്ല.

MR. P. M. VARGHESE : സർ, ഒരു പോയിന്റ് ആഫ് ആർഡർക്കുടി. അതായത് ഇവിടെ 60 ചോദ്യങ്ങൾ ഉള്ളതിൽ 20 എണ്ണത്തിനാണ ഉത്തരം പറയുന്നത്. അതും ബഹു. മന്ത്രിമാരുടെ ഉത്തരം പറയുന്നതിനുള്ള താമസംകൊണ്ട് അവർക്ക കുറെക്കുടി സമയം ലഭിക്കും. അതിനാൽ ചോദ്യങ്ങൾ അച്ചടിച്ച് ഉത്തരം തരണം. അങ്ങനെ ചെയ്യുന്ന സമ്പ്രദായം ഉണ്ടായാൽ 100 ചോദ്യങ്ങളിൽ കൂടുതൽ ഉത്തരം പറയാൻ സാധിക്കും. ആ റൂൾ ഉണ്ടാക്കാൻ അധികാരം പ്രസിഡൻറിനുണ്ട് എന്നാണ് ഇന്നലെ ലീഗൽ റിമംബ്രൻസറുമായുള്ള സംഭാഷണത്തിൽനിന്നും മനസ്സിലായത്.

MR. PRESIDENT: ഇപ്പോഴുള്ള റൂൾ അനുസരിച്ച ചോദ്യങ്ങൾക്ക ഉത്തരം പറയണം, എന്നാണ് വച്ചിരിക്കുന്നത്. ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടത് മന്ത്രിമാരുടെ ചുമതലയാണ്.

MR. P. M. VARGHESE : അങ്ങനെയാണെങ്കിൽ നിയമസഭയിൽനിന്നും ആ റൂൾ മാറ്റണമെന്നാണ എനിക്ക പറയുവാനുള്ളത്. അല്ലെങ്കിൽ മാറ്റണമോ വേണ്ടയോ എന്നുള്ള നിയമസഭയുടെ അഭിപ്രായം അറിയണം.

MR. PRESIDENT: ഇതിനെല്ലാം റൂൾ ഉണ്ട്. ആ റൂൾ അനുസരിച്ച വേണ്ടതു ചെയ്യാം. പ്രസിഡൻറിന് റൂൾ ഉണ്ടാക്കാൻ അധികാരമില്ല. സ്റ്റാൻഡിംഗ് ആർഡർ മാറ്റാൻ സഭയ്ക്കാണ് അധികാരം.

MR. P. BALAKRISHNAN THAMPI (*Mavilikara III—General*) : Here the Honourable members are sending too many questions. In the Central Legislature, Honourable members are not allowed to send more than half adozen questions at one Session. The present practice of a member sending about 500 questions may be stopped.

MR. PRESIDENT : അതിനെ സംബന്ധിച്ച് ഒരു വ്യവസ്ഥയുമില്ല. ഒരു മെമ്പറിന്റെ 20 ചോദ്യത്തിൽ കൂടുതൽ ഒരു ദിവസം ഉത്തരം പറയാൻ അനുവദിക്കാൻ പാടില്ലാ എന്നാണ വ്യവസ്ഥ. അതിൽ കൂടുതൽ വല്ല വ്യവസ്ഥയും വേണമെന്നു പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

കാർപ്പറേഷൻ കൗൺസിൽ.

230. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവനന്തപുരം കാർപ്പറേഷൻ കൗൺസിൽ നാമിനേഷൻ ലഭിക്കാൻ പിന്നോക്കസമുദായങ്ങളിൽനിന്നും അപേക്ഷകളുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly